# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6225** **20.11.2019 ലെ മറുപടി**

### ചെറുകിട ജലസേചന പദ്ധതികളുടെ വൈദ്യുതി നിരക്ക്

| **ചോദ്യം**<br>**ശ്രീ.പി.ടി.എ.റഹീം :** | **മറുപടി**<br>**കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
|---|---|
| (എ) ലിഫ്റ്റ് ഇറിഗേഷൻ ഉൾപ്പെടെയുള്ള ചെറുകിട ജലസേചന പദ്ധതികളുടെ വൈദ്യുതി ചാർജ് അടക്കുന്നത് ആരാണെന്ന് വ്യക്തമാക്കാമോ; | (എ) ലിഫ്റ്റ് ഇറിഗേഷൻ ഉൾപ്പെടെയുള്ള ചെറുകിട ജലസേചന പദ്ധതികളുടെ വൈദ്യുതി ചാർജ് അടക്കുന്നത് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് അതാത് സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരാണ്. |
| (ബി) എച്ച്.ടി. ലൈൻ ഉപയോഗിച്ച് വൈദ്യുതി കണക്ഷൻ എടുത്ത പദ്ധതികൾക്ക് വലിയ തുക വൈദ്യുതി ചാർജ്ജായി അടക്കേണ്ടി വരുന്നത് വൻ സാമ്പത്തിക ബാദ്ധ്യത വരുത്തുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 100 കെ.വിയിൽ കൂടുതൽ കണക്ടഡ് ലോഡ് ഉള്ള സ്കീമുകളിൽ എച്ച്.ടി കണക്ഷൻ എടുക്കാതിരുന്നാൽ വലിയ തുക പിഴ അടയ്ക്കേണ്ടി വരുന്നതാണ്. എച്ച്.ടി കണക്ഷൻ എടുക്കുന്നതിന് പ്രാരംഭ നിക്ഷേപം ആവശ്യമാണെങ്കിലും പ്രസ്തുത കണക്ഷൻ എടുക്കുന്നതാവും ലാഭകരം. |
| (സി) ചെറുകിട ജലസേചന പദ്ധതികളുടെ വൈദ്യുതി നിരക്ക് കുറയ്ക്കുന്നത് സംബന്ധിച്ച് വൈദ്യുതി വകുപ്പ് മന്ത്രി തലത്തിൽ കൂടിയാലോചന നടത്തി തീരുമാനമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**